(ബി) എങ്കിൽ എന്നാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത് ;

(സി) പ്രസ്തുത ഭൂമി ഉടമയ്ക്ക് തിരിച്ച് നൽകണമെന്ന അപേക്ഷ ഗവൺമെൻറിന് കിട്ടിയിരുന്നുവോ ;

(ഡി) ഉണ്ടെങ്കിൽ അപേക്ഷയിൻമേൽ എന്തു നടപടി എടുത്തു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏറ്റെടുത്തു.

(ബി) 10-9-1986-ൽ.

(സി) കിട്ടിയിരുന്നു.

(ഡി) അപേക്ഷ നിരസിച്ചിരിക്കുകയാണ്.

മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച തുക

1158 [1736]. ശ്രീ. കെ.പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ മേഖലയിലെ ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിന് എന്തു തുക അനുവദിച്ചു ?

ഉത്തരം

മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചിട്ടില്ല. ഇപ്പോൾ മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളുടെ ഭരണം നടത്തുന്നത് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പാണ്. ഈ വകുപ്പിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നുച്യാട് ദേവസ്വം വക ക്ഷേത്രത്തിൻെറ ആസ്പിറേറി വർദ്ധിപ്പിക്കണമെന്ന നിവേദനം

1159 [1737]. ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട നുച്യാട് ദേവസ്വംവക ക്ഷേത്രത്തിൻെറ ആസ്പിറേറി വർദ്ധിപ്പിക്കണമെന്ന നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടക്കാലവർഷാശനം വർദ്ധിപ്പിക്കണമെന്ന അപേക്ഷ തൽക്കാലം അനുവദിക്കാൻ നിർവ്വാഹമില്ലെന്നും വർഷാശനം അവസാനമായി തീർപ്പാക്കുമ്പോൾ അർഹതയുള്ള കുടിശ്ശികയും കൂടി ലഭിക്കുന്നതാണെന്നും അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly